**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **30-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം.കെ . മുനീർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനത്തിനായി വിവിധ മത്സര പരീക്ഷകൾക്ക് അവരെ തയ്യാറാക്കുന്നതിനായുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) | I. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം. a. പ്ലസ്-ടു പഠനത്തോടൊപ്പമുള്ള എൻട്രൻസ് പരിശീലനം (2 വർഷത്തേക്ക്) ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്.സി വിഭാഗം വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു. b. പ്ലസ്-ടു പഠന ശേഷമുള്ള എൻട്രൻസ് പരിശീലനം ഈ പദ്ധതി പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസറും ജില്ലാ കളക്ടറും അടങ്ങുന്ന സമിതി തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം നൽകി വരുന്നു. II. പ്രി എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ (PETC):- വകുപ്പിന് കീഴിലുള്ള 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിലവിൽ പ്ലസ്-ടു മുതൽ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, ബാങ്കുകൾ എന്നിവ അപേക്ഷ ക്ഷണിക്കുന്ന വിവിധ മത്സര പരീക്ഷകളിൽ 6 മാസത്തെ കോച്ചിംഗ് ക്ലാസുകൾ സൗജന്യമായി നടത്തി വരുന്നു. കൂടാതെ 2 വർഷം ദൈർഘ്യമുള്ള സ്റ്റെനോഗ്രാഫി കോഴ്സും സൗജന്യമായി PETCയിൽ നടത്തി വരുന്നു. III. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവ്വീസ് എക്സാമിനേഷൻ ആന്റ് ട്രെയിനിംഗ് സൊസൈറ്റി (ICSETS) :- കേരളാ സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയിൽ സിവിൽ സർവ്വീസ് പരിശീലനം നടത്തുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് ICSETS മുഖേന വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. IV. ലക്ഷ്യാ സ്കോളർഷിപ്പ് പദ്ധതി :- ഈ പദ്ധതി പ്രകാരം |

| | | | |
|---|---|---|---|
| | | | മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിച്ചു വരുന്ന ICSETS ൽ പ്രവേശന പരീക്ഷ വഴി തെരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ 30 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേക്ക് ലക്ഷ്യാ സ്കോളർഷിപ്പ് എന്ന പേരിൽ ഒരു പരിശീലന പരിപാടി 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് അവർ തെരഞ്ഞെടുക്കുന്ന മികച്ച സ്ഥാപനങ്ങളിൽപരിശീലനം നേടുന്നതിന് ഈ പദ്ധതി വഴി സഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ